**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 820** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളിലെ ലഹരിമാഫിയയുടെ ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ ആദിവാസി ഊരുകളിൽ ലഹരിമാഫിയ പിടിമുറുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ ചൂഷണങ്ങൾക്ക് വിധേയമായും ലഹരിക്ക് അടിമപ്പെട്ടും മരണപ്പെട്ടവരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ വിവിധ ആദിവാസി ഊരുകളിൽ ലഹരി മാഫിയ പിടിമുറുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ലഹരി മാഫിയയുടെ പ്രവർത്തനം പ്രതിരോധിക്കുന്നതിൽ ട്രൈബൽ ഓഫീസർമാരും, എസ് .ടി. പ്രൊമോട്ടർമാരും ഫലപ്രദമായ സാമൂഹ്യ ഇടപെടലുകൾ നടത്തുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ലഹരി മാഫിയയുടെ പ്രവർത്തനം ഉണ്ടാകാതിരിക്കുന്നതിനായി ട്രൈബൽ ഓഫീസർമാരും, എസ്.ടി. പ്രൊമോട്ടർമാരും ഫലപ്രദമായ സാമൂഹ്യ ഇടപെടലുകൾ നടത്തുന്നുണ്ട്. പട്ടിക വർഗക്കാർക്കിടയിൽ ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണത്തിനും ലഹരി വർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനും എസ്.ടി. പ്രൊമോട്ടർമാർ, ഹെൽത്ത് പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവരെയും ആരോഗ്യം, പോലീസ്, എക്സൈസ്, ഫോറസ്റ്റ് വകുപ്പുകളെ കൂട്ടിയോജിപ്പിച്ച് ബോധവൽക്കരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. |
| (സി) | തിരുവനന്തപുരം പെരിങ്ങമലയിൽ 5 ആദിവാസി പെൺകുട്ടികളുടെ മരണത്തിലേക്ക് നയിച്ച സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ആദിവാസി ഊരുകളിലെ ലഹരി മാഫിയയുടെ ഇടപെടൽ തടയുന്നതിന് ഫലപ്രദമായ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പട്ടികവർഗ്ഗ ഊരുകളിൽ എക്സൈസ് വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, പോലീസ്, വനം, ആരോഗ്യം വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കൗൺസിലിംഗ് നടത്താനും ഊരുകളിൽ പോലീസ് നിരീക്ഷണം ശക്തമാക്കാനും സി.സി.ടി.വി ക്യാമറ സ്ഥാപിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ